**ക്രമപ്രശ്നം**

മന്ത്രിയുടെ പരാമർശം സംബന്ധിച്ച്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരള നിയമസഭയുടെ നടപടികളും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ അനുബന്ധം നിർദേശം നമ്പർ 1 എ അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി നടത്തിയ തെറ്റായ പ്രസ്താവനകളിലേയ്ക്ക് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. 15-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ, അതായത്, 24-06-2024-ന് ശ്രീ. യു. എ. ലത്തീഫ് എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയവെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പെർമിറ്റ് ഫീസ് വർദ്ധിപ്പിച്ച വിഷയം സംബന്ധിച്ച് പ്രതിപക്ഷത്തുനിന്നും ആരും ഒരു നക്ഷത്രചിഹ്നമിടാത്ത ചോദ്യംപോലും ഇതുവരെ ചോദിച്ചിട്ടില്ലെന്ന് പറയുകയുണ്ടായി. എന്നാൽ നിയമസഭയുടെ വെബ്സൈറ്റ് പരിശോധിച്ചാൽ സഭയുടെ ഒൻപത്, പത്ത് എന്നീ സഭാ സമ്മേളനങ്ങളിൽ നിരവധി ചോദ്യങ്ങൾ ഇതുസംബന്ധിച്ചുണ്ടായിട്ടുണ്ട്. 9-ാം സമ്മേളനത്തിൽ 08-08-2023-ന്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 385, 10-ാം സമ്മേളനത്തിൽ 29-01-2024-ന് നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 335 എന്നിവയെല്ലാം ഇതുസംബന്ധിച്ചുള്ളതാണ്. അതിന്റെയൊക്കെ പകർപ്പുകൾ സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധമായ നിരവധി ചോദ്യങ്ങൾ സഭാ രേഖകളിൽ കാണാൻ സാധിക്കും. ആയതിനാൽ തികച്ചും അവാസ്തവമായ ഒരു കാര്യം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞത് പ്രതിപക്ഷത്തോടുള്ള അവഗണനയാണ്. അതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണം സംബന്ധിച്ച ചട്ടങ്ങളുടെ അനുബന്ധം നിർദേശം 1 എ പ്രകാരം ബഹുമാനപ്പെട്ട മന്ത്രി നടത്തിയ തെറ്റായ പ്രസ്താവനകളിലേയ്ക്ക് നിയമസഭയുടെ ശ്രദ്ധക്ഷണിക്കുന്നതിനും സഭാ രേഖകളിൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനുംവേണ്ടി ഞാൻ താൽപ്പര്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട പെർമിറ്റ് ഫീസ് ഉൾപ്പെടെയുള്ള ചില ഫീസുകളുടെ വർദ്ധനവ് സംബന്ധിച്ച് കഴിഞ്ഞ ദിവസം ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞ ഘട്ടത്തിൽ, സഭ

നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമോ ശ്രദ്ധക്ഷണിക്കലോ സബ്മിഷനോ നക്ഷത്രചിഹ്നമിട്ട ചോദ്യമോ ഇതുവരെ ഈ സഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളാരും ഉന്നയിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. നക്ഷത്രചിഹ്നമിട്ട ചോദ്യം എന്നതിനുപകരം നക്ഷത്രചിഹ്നമിടാത്ത ചോദ്യമെന്ന് പറഞ്ഞുപോയി. ആ അക്ഷരത്തെറ്റ് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം കണ്ടെത്തി തിരുത്തിയതിൽ അദ്ദേഹത്തോടുള്ള നന്ദി ഞാൻ അറിയിക്കുകയാണ്. മാത്രമല്ല, ഇന്നലെത്തന്നെ പ്രൊസീഡിംഗ്സിന്റെ അൺകറക്റ്റഡ് വേർഷൻ വന്നപ്പോൾ തിരുത്തികൊടുത്തിട്ടുള്ളതുമാണ്. എഡിറ്റഡ് വേർഷനിൽ അത് ശരിയായി വരും. ഈ വിഷയത്തെ സഭ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായോ അടിയന്തര പ്രാധാന്യമുള്ള ഒന്നായോ പ്രതിപക്ഷാംഗങ്ങൾ കണ്ടിട്ടുണ്ടായിരുന്നില്ല, ശ്രദ്ധക്ഷണിക്കലോ സബ്മിഷനോ നക്ഷത്രചിഹ്നമിട്ട ചോദ്യമോ ഇവിടെ ഉന്നയിച്ചിട്ടുണ്ടായിരുന്നില്ല എന്ന കാര്യം ഞാൻ പറഞ്ഞത് അംഗീകരിച്ചതിനും പറഞ്ഞപ്പോൾവന്ന ഒരു അക്ഷരത്തെറ്റ് തിരുത്തിതന്നതിനുമുള്ള നന്ദി രേഖപ്പെടുത്തുന്നു. അത് ഇന്നലെത്തന്നെ തിരുത്തിയിട്ടുമുണ്ട്.